# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം; 1206 — 21.03.2013ൽ മറുപടിക്ക്

### പാമ്പുകടിയേറ്റ് മരണപ്പെട്ടതിനുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി ജലീൽ | ശ്രീ. അടൂർപ്രകാശ് (ബഹു: റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ കാലടി വില്ലേജിൽ പോത്തന്നൂരിലെ താഴത്തെപറമ്പിൽ മുഹമ്മദ്, എന്നയാൾ പാമ്പുകടിയേറ്റ് മരിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായ ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കാലടി വില്ലേജ് ഓഫീസിൽ ലഭിച്ചിരുന്നോ; | (എ) പൊന്നാനി താലൂക്ക് കാലടി വില്ലേജിൽ പോത്തന്നൂരിലെ താഴത്തെപറമ്പിൽ മുഹമ്മദ് പാമ്പ് കടിയേറ്റ് മരിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കാലടി വില്ലേജ് ഓഫീസിൽ ലഭ്യമായിട്ടില്ല — എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീമതി. ഫാത്തിമ W/O മുഹമ്മദ് ജനസമ്പർക്ക പരിപാടിയോടനു ബന്ധിച്ച് സമർപ്പിച്ച അപേക്ഷ കാലടി വില്ലേജ് ഓഫീസിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ, ബന്ധപ്പെട്ട അപേക്ഷ വില്ലേജ് ഓഫീസർ പൊന്നാനി തഹസീൽദാർ മുഖേന വനം വകുപ്പിനു കൈമാറി യിരുന്നോ;<br>(സി) പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം മുഹമ്മദിന്റെ കുടുംബത്തിനു കൈമാറി യിരുന്നോ;<br>(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | **(ബി) യും (സി) യും (ഡി) യും**<br>മരണപ്പെട്ട മുഹമ്മദിന്റെ ഭാര്യ ശ്രീമതി ഫാത്തിമ, ധനസഹായം ലഭിക്കുന്നതിന് നൽകിയ അപേക്ഷ വനം-വന്യജീവി വകുപ്പിന്റെ നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസിൽ ലഭിക്കുകയുണ്ടായി. മരണപ്പെട്ട മുഹമ്മദിന്റെ അനന്തരാവകാശ സർട്ടി ഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ധന സഹായം നൽകാൻ കഴിഞ്ഞിട്ടില്ല.<br>1980 ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടപ്രകാരമാണ് വനം വകുപ്പ് ധനസഹായം നൽകുന്നത്. ടി ചട്ടപ്രകാരം പാമ്പു കടിയുൾപ്പെടെ വന്യജീവികളുടെ ആക്രമണത്താൽ മരണ പ്പെടുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാതു പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്ററാഫീസർക്ക് സംഭവം നടന്ന് 3 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മരണപ്പെടുന്നവരുടെ ആശ്രിതർ അനന്തരാ വകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ട താണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ചാഫീസറുടെ അന്വേഷണ റിപ്പോർട്ടന്റെ അടിസ്ഥാന ത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. |

| | |
|---|---|
| (ഞ) സഹായം ലഭിക്കാൻ ഇനി എന്താണ് ഈ കുടുംബം ചെയ്യേണ്ടതെന്നു വിശദമാക്കുമോ? | (ഞ) അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്ററാഫീസർ 05-03-2013-ലെ കത്തു പ്രകാരം അപേക്ഷകയ്ക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഹാജരാക്കുന്ന മുറയ്ക്കു പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ